**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2873 13.07.2015 - ലെ മറുപടിക്ക്

**പി.എസ്.സി. പരീക്ഷയിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ**

| ചോദ്യം<br>ശ്രീമതി. കെ. കെ. ലതിക | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | കാറ്റഗറി നം. 279/2011 പ്രകാരം പി.എസ്.സി. നടത്തിയ പരീക്ഷയിൽ യോഗ്യത നേടിയ എത്ര ഉദ്യോഗാർത്ഥികൾ ശരിയായ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല എന്ന് വ്യക്തമാക്കുമോ; | (എ) | 9 പേർ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. 32 പേർ ന്യൂനതകളോടെയുള്ള സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്. പിന്നീട് ന്യൂനത പരിഹരിച്ച് 41 പേരും ശരിയായ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരം ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിക്കുമെന്ന് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നോ എന്ന് വിശദമാക്കുമോ; | (ബി) | ശരിയായ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടെ അപേക്ഷ നിരസിക്കുന്നതാണെന്ന് ഗസറ്റ് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നു. |
| (സി) | വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നത് പോലെ പ്രസ്തുത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിച്ചോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ; | (സി) | നിരസിച്ചിരുന്നില്ല. അപേക്ഷയോടൊപ്പം ശരിയായ സർവ്വീസ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിരുന്നില്ലെങ്കിലും പിന്നീട് ടി ന്യൂനത പരിഹരിച്ചതിനാൽ യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെടുത്തി. എന്നാൽ ഗസറ്റ് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷയോടൊപ്പം സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്ന 9 ഉദ്യോഗാർത്ഥികളെ യോഗ്യതാ പട്ടികയിൽ നിന്നും നീക്കം ചെയ്യുവാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. |
| (ഡി) | ഉത്തരക്കടലാസ് പുന:പരിശോധനയ്ക്ക് അപേക്ഷിച്ചവർക്ക് ആദ്യം ലഭിച്ച മാർക്കും പുന:പരിശോധനയ്ക്ക് ശേഷം ലഭിച്ച മാർക്കും വിശദമാക്കുമോ ? | (ഡി) | ഉത്തരക്കടലാസ് പുന:പരിശോധനയ്ക്കായി അപേക്ഷ സമർപ്പിച്ച 166 ഉദ്യോഗാർത്ഥികളിൽ 33 പേരുടെ മാർക്കിൽ പുന: പരിശോധനയിൽ വ്യത്യാസം വന്നിരുന്നു. ഇവരിൽ യോഗ്യതാലിസ്റ്റിൽ ഉൾപ്പെടാൻ മാർക്ക് ലഭിച്ച മൂന്ന് പേരെ കൂട്ടിച്ചേർക്കൽ വിജ്ഞാപനത്തിലൂടെ യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെടുത്തുകയുണ്ടായി. പുന:പരിശോധനയ്ക്ക് അപേക്ഷിച്ചവരുടെ മാർക്ക് വെളിപ്പെടുത്താൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ